**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4067** — **27-10-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2019ന് ശേഷം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2019 ന് ശേഷം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ടി അപേക്ഷയിൻമേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവരെക്കൂടി ഉൾപ്പെടുത്തി അർഹരായ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഓൺലൈനായി സ്വീകരിച്ച അപേക്ഷയിൻമേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഓട് മേഞ്ഞതും ജീർണ്ണാവസ്ഥയിലുള്ളതുമായ വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെ അർഹരായ മുഴുവൻപേരേയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (സി) | ഓട് മേഞ്ഞതും ജീർണ്ണാവസ്ഥയിലുള്ളതുമായ വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെ ലൈഫ് മാനദണ്ഡ പ്രകാരം അർഹരായ മുഴുവൻ പേരേയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ